# പതിനാലാം കേരളനിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 22 | 03.02.2020-ൽ മറുപടിക്ക് |
|---|---|

### കൗമാരക്കാരായ വിദ്യാർഥികളിലെ മയക്കമരുന്നുകളുടെ ദുഃസ്വാധീനങ്ങൾ

| | ചോദ്യം<br>ശ്രീമതി ഇ.എസ്.ബിജിമോൾ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | മയക്കമരുന്ന്, കൊട്ടേഷൻ സംഘാംഗങ്ങളായി നിരവധി വിദ്യാർഥികൾ മാറുന്നതായുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാർത്ഥികളെ മയക്കമരുന്ന്, കോട്ടേഷൻ സംഘങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനായി സ്കൂൾ, കോളേജ് തലത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്തുകയും, ഗുരുകുലം പദ്ധതിയുടെ ഭാഗമായി അനധികൃതമായി സ്കൂളിൽ നിന്നും വിട്ടു നിൽക്കുന്ന വിദ്യാർത്ഥികളെ നിരീക്ഷിച്ചും, എസ്.പി.സി, വിമുക്തി പദ്ധതി, ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി, സ്റ്റുഡൻസ് പ്രൊട്ടക്ഷൻ ഗ്രൂപ്പ് എന്നിവയുടെ സഹായത്തോട് കൂടി വിവരശേഖരണം നടത്തിയും PTA, റസിഡൻസ് അസോസിയേഷൻ എന്നിവരുടെ സഹായത്തോട് കൂടി വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ജനമൈത്രി പോലീസ്, സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ്, DANSAF (ഡിസ്ട്രിക്റ്റ് ആന്റി നർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ്) എന്നിവ ഉപയോഗിച്ച് രഹസ്യ വിവരങ്ങൾ ശേഖരിച്ചും, നിരന്തര റെയ്ഡുകളും, സ്പെഷ്യൽ ഡ്രൈവുകളും മറ്റും നടത്തിയും ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | കൗമാരക്കാരിൽ വർധിച്ചുവരുന്ന ആത്മഹത്യയുടെയും കൊലപാതകങ്ങളുടെയും മറ്റു ഗുരുതര കുറ്റകൃത്യങ്ങളുടെയും എണ്ണം ക്രമാതീതമായി പെരുകുന്ന സാഹചര്യത്തിൽ വിദ്യാർഥികളുടെ മാനസിക ആരോഗ്യവും ബൗദ്ധിക നിലവാരവും ഉയർത്തി മൂല്യാധിഷ്ഠിതമായ ജീവിതചര്യ രൂപപ്പെടുത്തുവാൻ കഴിയും വിധം വിവിധ വകുപ്പുകളുടെ സംയുക്ത കർമ്മ പരിപാടികൾക്ക് രൂപം നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | (ബി) യും (സി) യും | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | ഇതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ നടത്തിവരുന്ന കർമ്മ പരിപാടികൾ വിപുലീകരിക്കുവാനും ശക്തിപ്പെടുത്തുവാനും സർക്കാർ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ